LIBRARY ARCHIVES Kerala Legislative Assembly

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ....... ഓർഡർ........

ചട്ടം 303 പ്രകാരം വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. അതിന് സർക്കാർ ഭാഗത്തുനിന്നുള്ള വിശദീകരണവും ചെയർ സശ്രദ്ധം കേൾക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട രണ്ടു വിഷയങ്ങളും നിയമസഭാ നടപടിക്രമവുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഏറെ ഗൗരവം അർഹിക്കുന്നവ തന്നെയാണ്. ആദ്യം ഉന്നയിച്ച വിഷയം സഭാതലത്തിൽ സർക്കാർ നൽകിയ ഉറപ്പുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലായെന്നും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിച്ച് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ല എന്നതുമാണ്. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പതിമൂന്നാം കേരള നിയമസഭയിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ കാര്യക്ഷമമായ പ്രവർത്തന ഫലമായി പത്താം കേരള നിയമസഭ വരെയുള്ള ഉറപ്പുകൾ സംബന്ധിച്ച എല്ലാ നടപടികളും പൂർത്തീകരിക്കപ്പെടുകയുണ്ടായി എന്ന് ചെയർ മനസ്സിലാക്കുന്നു. ലഭ്യമായ രേഖകൾ പ്രകാരം ഇനി പതിനൊന്നാം കേരള നിയമസഭയുടെ കാലത്തെ 201 ഉറപ്പുകളിലും പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്തെ 1078 ഉറപ്പുകളിലും പതിമൂന്നാം കേരള നിയമസഭയുടെ കാലത്തെ 1220 ഉറപ്പുകളിലുമായി ആകെ 2499 ഉറപ്പുകളിന്മേൽ സർക്കാർ നടപടികൾ പൂർത്തീകരിക്കാനുണ്ട്. അതോടൊപ്പം IX, X, XI, XII, XIII എന്നീ നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ടെന്നും ചെയർ മനസ്സിലാക്കുന്നു. ഇതുസംബന്ധിച്ച് ചെയറിന് സൂചിപ്പിക്കാനുള്ളത് സഭാതലത്തിൽ സർക്കാർ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നപക്ഷം ആയതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഉറപ്പുകൾ സംബന്ധിച്ച സമിതി തന്നെയാണ് എന്നാണ്. അതിന് ആവശ്യമായ കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും ചട്ട പ്രകാരം പ്രസ്തുത സമിതിക്കുണ്ട് എന്ന കാര്യവും ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമസഭയിൽ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും ഈ സഭയിൽ ഉണ്ടാകാവുന്ന ഉറപ്പുകൾ സംബന്ധിച്ചും മുൻ സഭകളിലെ പൂർത്തീകരിക്കാത്ത ഉറപ്പുകൾ സംബന്ധിച്ചുമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ പ്രസ്തുത സമിതി കൈക്കൊള്ളണമെന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച രണ്ടാമത്തെ വിഷയം നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ ഉത്തരം ലഭ്യമാകുന്നില്ല എന്നതാണ്. ഇക്കാര്യം സംബന്ധിച്ചും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. നിയമസഭാ ചോദ്യത്തിന് യഥാസമയം അംഗങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനെതിരെ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ എട്ട് റൂളിംഗുകളാണ് മുൻ സ്പീക്കർമാർ നൽകിയിട്ടുള്ളതായി കാണുന്നത്. അപ്രകാരം കർശനമായ നിർദ്ദേശം ചെയറിൽനിന്നും നൽകിയിട്ടും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ തുടർന്നും ഉദാസീനത കാണിക്കുന്നു വെന്നുള്ളത് ഒട്ടും ആശാസ്യകരമല്ല.

നിയമസഭാ സെക്രട്ടേറിയറ്റിലെ രേഖകൾ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്കും പതിമൂന്നാം കേരള നിയമസഭയുടെ 673 ചോദ്യങ്ങൾക്കും പതിനാലാം കേരള നിയമസഭയിൽ ഇന്നലെവരെ 157 ചോദ്യങ്ങൾക്കും പൂർണ്ണമായോ ഭാഗികമായോ മറുപടി ലഭ്യമാകാനുണ്ട്. ഇത്തരം പ്രവണതകൾ ഇനിയും തുടർന്നുപോകുന്നതിനോട് ചെയറിന് അശേഷം യോജിപ്പില്ല. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട മന്ത്രിമാർ പരിശ്രമിക്കുകയാണെങ്കിൽ അത് സാധ്യമാകുന്നതാണെന്ന് മുൻകാലങ്ങളിൽ പല മന്ത്രിമാരും തെളിയിച്ചിട്ടുള്ള കാര്യം ഇത്തരുണത്തിൽ ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു. ചട്ടപ്രകാരം മുൻകൂർ നോട്ടീസ് നൽകി ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന ന്യായമായ അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്ന് ചെയർ റൂൾ ചെയ്യുന്നു. ഓർഡർ..... ഓർഡർ......

ശ്രീ. വി. ഡി. സതീശൻ: (മൈക്ക് ഓഫ്)... സർ, ഞാൻ ക്രമപ്രശ്നം ഉന്നയിച്ച് നോട്ടീസ് നൽകിയിരുന്നു.

മി. സ്പീക്കർ: അത് വിശദമായി പരിശോധിച്ച് പിന്നീട് എടുക്കാം. അങ്ങേക്ക് അവസരം തരാം.

(2) 12-7-2016-ലെ ശ്രീ. എം. സ്വരാജിന്റെ ബൈബിൾ പരാമർശം സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ : സർ, ഇന്നലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസാരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. സ്വരാജ് സംസാരിച്ചത് വളരെ അപമാനകരവും പ്രതിപക്ഷ അംഗങ്ങളെ സംബന്ധിച്ച് അപകീർത്തികരമായ ഒരു വിഷയമാണ് എന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം പറഞ്ഞത് ഈ ബഡ്ജറ്റ് വിശുദ്ധവും അമൂല്യവുമാണ്. "മത്തായിയുടെ സുവിശേഷം ഏഴാം അദ്ധ്യായത്തിലെ ആറാം വാക്യം വായിക്കണം. അത് നിങ്ങൾ വായിച്ചുനോക്കണം. എന്നാൽ ആ വാക്യം ഞാൻ ഇവിടെ വായിക്കുന്നില്ല. വായിച്ചാൽ പ്രകോപനമുണ്ടാകും. നിങ്ങൾ പോയി വായിച്ചുനോക്കിയാൽ മതി" എന്നുപറഞ്ഞ് അദ്ദേഹം അവസാനിപ്പിക്കുകയായിരുന്നു. അത് ഞങ്ങൾ വായിച്ചു നോക്കുകയും ഇന്ന് എല്ലാ പത്രങ്ങളിലും അത് വരികയും ചെയ്തു. ഈ ബഡ്ജറ്റിനെ എതിർത്തവരെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. "മത്തായിയുടെ സുവിശേഷം ഏഴാം അദ്ധ്യായത്തിലെ ആറാം വാക്യം - വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുന്നിൽ ഇടുകയുമരുത്; അവ കാൽകൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയുകയും ചെയ്വാൻ ഇടവരരുത്."*** എത്ര അപമാനകരമായ പരാമർശമാണ്. ....(ബഹളം)........

മി. സ്പീക്കർ: യെസ്..... യെസ്...... സഭയിൽ വരാത്ത ഒരു പ്രശ്നത്തെ സംബന്ധിച്ച് ബഹളം ഉണ്ടാക്കണ്ട. സഭയുടെ രേഖകളിൽ ഒരിടത്തും വരാത്ത ഒരു വിഷയത്തെ സംബന്ധിച്ച് അനാവശ്യമായി പ്രശ്നങ്ങളും ബഹളവും ഉണ്ടാക്കണ്ട. അദ്ദേഹം ക്രമപ്രശ്നം ഉന്നയിച്ചു. അത് ചെയർ പരിശോധിക്കും. ചെയറിന് ബൈബിൾ കാണാപാഠമല്ല. ബൈബിൾ കാണാപാഠമല്ലാത്തതുകൊണ്ട് ബൈബിളിൽ ഏത് സാഹചര്യത്തിലാണ് വന്നതെന്നുള്ളതിനെക്കുറിച്ച് പരിശോധിച്ച് ചെയർ റൂളിംഗ് നൽകും. ഇരിക്കൂ...... ഇരിക്കൂ.... (ബഹളം.......) അങ്ങ് പറഞ്ഞല്ലോ.... പറഞ്ഞുകഴിഞ്ഞല്ലോ...

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിലനിറുത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly